**പതിനാലാം കേരള നിയമസഭ**
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2549 **06.02.2018** - ലെ മറുപടിക്ക്

**<u>അംബേദ്കർ ഗ്രാമം പദ്ധതി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിനായി ഈ സർക്കാർ ആവിഷ്ക്കരിച്ച അംബേദ്കർ ഗ്രാമം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | അടിസ്ഥാന സൗകര്യ വികസനത്തിൽ ഏറ്റവും പിന്നാക്കം നിൽക്കുന്നതും നാൽപതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതുമായ കോളനികളുടെ സമഗ്രവികസനമാണ് അംബേദ്കർ ഗ്രാമം വികസന പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. അംബേദ്കർ ഗ്രാമം വികസന പദ്ധതിയുടെ ഭാഗമായി ഓരോ സങ്കേതത്തിനുമാവശ്യമായ കർമ്മപദ്ധതി തയ്യാറാക്കണം. താഴെ പറയുന്ന പ്രവൃത്തികളിൽ കോളനിക്കാവശ്യമായവ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്താവുന്നതാണ്.<br>1. ഇന്റേണൽ റോഡ്/ഫുട്പാത്ത്<br>2. ആശയ വിനിമയ സൗകര്യം<br>3. കുടിവെള്ള സൗകര്യങ്ങൾ<br>4. ഡ്രെയിനേജ് സൗകര്യങ്ങൾ<br>5. വൈദ്യുതീകരണം/ വീടുകളിലേക്കുള്ള സോളാർ വൈദ്യുതീകരണം<br>6. സോളാർ തെരുവു വിളക്ക്<br>7. സാനിറ്റേഷൻ<br>8. ഭവന പുനരുദ്ധാരണം<br>9. മാലിന്യ നിർമ്മാർജനം<br>10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ(സ്ഥലം ലഭ്യമാണെങ്കിൽ) |

| | | | |
|---|---|---|---|
| | | | 11. സംരക്ഷണ ഭിത്തി നിർമ്മാണം<br>12. ഇറിഗേഷൻ<br>13. അടുക്കളത്തോട്ടം<br>14. വരുമാനദായകപദ്ധതികളായ മൃഗസംരക്ഷണം/ഹോർട്ടികൾച്ചർ വീവിംഗ്/കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി) |
| (ബി) | പ്രസ്തുത പദ്ധതിയിൻകീഴിൽ ഓരോ ജില്ലയിലും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും പദ്ധതിയുടെ നിർവ്വഹണ ഏജൻസികൾ ഏതെല്ലാമാണെന്നും വെളിപ്പെടുത്തുമോ? | (ബി) | പ്രസ്തുത പദ്ധതിയിൻ കീഴിൽ ഓരോ ജില്ലയിലും മേൽ പറഞ്ഞിട്ടുള്ള പ്രവൃത്തികളിൽ കോളനിക്കനുയോജ്യമായവ കോളനി നിവാസികൾ തെരഞ്ഞെടുക്കുന്നു. ഓരോ കോളനിയിലെയും നിർവ്വഹണ പ്രവർത്തനങ്ങൾ അതാത് ജില്ലാ നിർമ്മിതി കേന്ദ്രങ്ങളെ ചുമതലപ്പെടുത്തിക്കൊണ്ടാണ് ഉത്തരവായിട്ടുള്ളത്. ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾക്ക് എന്തെങ്കിലും പരിമിതിയുള്ള പക്ഷം സ്വയംപര്യാപ്ത ഗ്രാമം പദ്ധതി നല്ല രീതിയിൽ നിർവ്വഹിച്ച താഴെപ്പറയുന്ന ഏജൻസികളെ സ്ഥലം എം.എൽ.എ -യുടെ ശുപാർശയോടെ നിർവ്വഹണത്തിനായി തെരഞ്ഞെടുക്കാവുന്നതാണ്.<br>i. SIDCO-കേരള സ്മാൾ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്.<br>ii. KESNIK - കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം<br>iii. KEL- കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്<br>iv. KSHB - കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്<br>v. KLDC - കേരള ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്<br>vi. DNK - ജില്ലാ നിർമ്മിതി കേന്ദ്രം<br>vii. KAICO - കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് |

| | | | |
|---|---|---|---|
| | | | viii. KITCO- കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ആന്റ് ടെക്നിക്കൽ കൺസൾട്ടൻസി ഓർഗനൈസേഷൻ<br>ix. KPHCC-കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ<br>x. FIT -ഫോറസ്റ്റ് ഇൻഡസ്ട്രീസ് ലിമിറ്റഡ്<br>xi. RBDCK- റോഡ്സ് & ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപ്പറേഷൻ കേരള ലിമിറ്റഡ് |

സെക്ഷൻ ഓഫീസർ